എന്നിവയാണ് ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റിയുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. യോഗത്തിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലാ സപ്ലൈ ആഫീസർ, താലൂക്ക് സപ്ലൈ ആഫീസർ, ലീഗൽ മെട്രോളജി ഇൻസ്പക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർ, ഫുഡ് സേഫ്റ്റി ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവർ ചേർന്നുള്ള സ്ക്വാഡ് വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കെതിരെ കേസെടുത്ത് പിഴ ചുമത്തുകയും ചെയ്തുവരുന്നു.

പുരാതന രേഖകൾ കേടുകൂടാതെ സൂക്ഷിക്കാൻ കർമ്മ പദ്ധതി

9 (*250) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന് കീഴിൽ പുരാതന രേഖകൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) പുരാതന സർവ്വേ രേഖകൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ഇ-രേഖ എന്ന പേരിൽ ഒരു റെക്കോഡ് കൺസർവേഷൻ പദ്ധതി സർവ്വേയും ഭൂരേഖയും വകുപ്പിനുകീഴിൽ കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ മുഖേന നടപ്പാക്കിവരുന്നു.

(ബി) ഇ-രേഖ പദ്ധതി പ്രകാരം സർവ്വേ സംബന്ധമായ റിക്കോർഡുകൾ സംരക്ഷിക്കുന്നതിനും, സംരക്ഷിക്കപ്പെട്ട റിക്കോഡുകൾ വേഗതയിലും സുതാര്യമായും പൊതുജനത്തിന് ലഭ്യമാക്കുവാനായി ഇന്റർനെറ്റ് സഹായത്താൽ "Online payment gateway" വഴി പണമടച്ച് കൈപ്പറ്റുവാനും അതിലൂടെ സർവ്വേ വകുപ്പിന്റെ സേവനങ്ങളെ കൂടുതൽ ആധുനികവത്കരിച്ച് ജനകീയവും, സുതാര്യവും ആക്കുന്നതിനും പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിലൂടെ ലക്ഷ്യമിടുന്നു.

(സി) കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ 9-മത് എംപവേർഡ് കമ്മിറ്റിയിൽ സർവ്വേ വകുപ്പിലെ പുരാതന റിക്കോർഡുകൾ ഭൗതികമായി

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനും, അവ ഓൺലൈൻ ആയി പൊതുജനങ്ങൾക്ക് നൽകുന്നതിനുമായി ഇ-രേഖ എന്ന പദ്ധതിക്ക് അംഗീകാരം നൽകുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എൽ.ആർ.എം.പി.യിൽ ഉൾപ്പെടുത്തി ടി പദ്ധതി നടപ്പാക്കാനായി 5 കോടി രൂപ അനുവദിക്കുകയും ജില്ലകളിൽ 1 വീതം ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനായി 3.50 ലക്ഷം രൂപ അനുവദിക്കുകയും 12 ജില്ലകളിൽ റീസർവ്വേ ഡാറ്റകൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി പ്രസ്തുത സെൻറുകൾ മിഷന്റെ കീഴിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഡിജിറ്റൈസ് ചെയ്തതായ സർവ്വേ റെക്കോർഡുകളെല്ലാം പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ വേണ്ടി GIS അധിഷ്ഠിതമായ സോഫ്റ്റ്വെയർ സംവിധാനം ഒരുക്കുന്നതിനും ഡാറ്റ ഡിജിറ്റലായി സംക്ഷിക്കുന്നതിനായി ബാക്ക് അപ്പ് സെർവർ വാങ്ങുകയും ആയതിന്റെ ഇൻസ്റ്റലേഷൻ ജോലികൾ പുരോഗതിയിലുമാണ്. ഇ-രേഖ പദ്ധതി പ്രകാരം കൺസർവേഷൻ സാധ്യമാക്കിയ പുരാതന സർവ്വേ റിക്കോർഡുകൾ പുരാതന സെൻട്രൽ സർവ്വേ ഓഫീസിൽ ഇതിലേയ്ക്കായി മിഷൻ സ്ഥാപിച്ചിട്ടുള്ള സെൻട്രൽ മോഡേൺ റിക്കോർഡ് റൂമിലേക്ക് മാറ്റി സൂക്ഷിക്കുന്നുണ്ട്.

ഭിന്നശേഷിക്കാർക്കായുള്ള സങ്കലിത വിദ്യാഭ്യാസ പദ്ധതി

10 (*251 <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> :
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :
<u>ഡോ. കെ. ടി. ജലീൽ</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്കായുള്ള സങ്കലിത വിദ്യാഭ്യാസ പദ്ധതിയിലെ പോരായ്മകൾ വിലയിരുത്തിയിട്ടുണ്ടോ; പദ്ധതിക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര കുട്ടികൾ പഠിക്കുന്നുണ്ട്; അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണ്; ഭിന്നശേഷിയുള്ള കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി അദ്ധ്യാപക നിയമനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഭിന്നശേഷിയുള്ള കുട്ടികളുടെ പഠനത്തിനും മാനസിക വളർച്ചയ്ക്കും സഹായകമാകുന്ന ഈ പദ്ധതിക്ക് വേണ്ടത്ര പ്രോത്സാഹനം നല്കുന്നില്ലെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly